(എഫ് & ജി) പോലീസുദ്യോഗസ്ഥൻ പ്രതിയായ കേസിൽ അന്വേഷണവും വിചാരണയും പൂർത്തിയാവാത്തതിനാൽ വകുപ്പുതല ശിക്ഷാ നടപടി സ്വീകരിക്കാൻ മാത്രമേ തൽക്കാലം നിർവ്വാഹമുള്ളൂ.

കോട്ടയം ജില്ലാ സഹകരണ ബാങ്കിലെ വിജിലൻസ് അന്വേഷണം

70 [3457] ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലാ സഹകരണ ബാങ്കിൽ നടന്നുവരുന്ന വിജിലൻസ് അന്വേഷണം പൂർത്തീകരിച്ചോ;

(ബി) മൂന്നുവർഷമായി നടന്നുവരുന്ന അന്വേഷണം ആഗസ്റ്റ് 14-ന് മുമ്പ് പൂർത്തീകരിക്കാൻ കഴിയുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കോട്ടയം ജില്ലാ സഹകരണ ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് മൂന്ന് വിജിലൻസ് അന്വേഷണങ്ങൾ വ്യത്യസ്ത കാലങ്ങളിലായി ഉത്തരവായിരുന്നു. ഇതിൽ രണ്ടെണ്ണം പൂർത്തിയായി. 2004-ൽ ഉത്തരവായ മൂന്നാമത്തെ അന്വേഷണം നടന്നുവരുന്നു. പൂർത്തീകരിച്ച അന്വേഷണത്തിൽ ഒന്നിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പുരോഗമിച്ചു വരുന്നു.

(ബി) കേസന്വേഷണം എത്രയും പെട്ടെന്ന് പൂർത്തീകരിക്കുവാൻ അന്വേഷണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇളംകുളം സർവ്വീസ് സഹകരണ ബാങ്കിലെ വിജിലൻസ് അന്വേഷണം

71 [3458] ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ ഇളംകുളം സർവ്വീസ് സഹകരണ ബാങ്കിൽ 4-6-1998 മുതൽ ആരംഭിച്ച വിജിലൻസ് അന്വേഷണം പൂർത്തിയായോ;

(ബി) എങ്കിൽ അതിലെ പ്രതികൾ ആരൊക്കെയാണെന്നും അവർക്ക് ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുമായി ബന്ധമുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) അന്വേഷണം പൂർത്തിയായില്ലെങ്കിൽ 6 വർഷക്കാലമായിട്ടും അന്വേഷണം പൂർത്തീകരിക്കാൻ കഴിയാത്തതെന്തുകൊണ്ട് എന്നും പോലീസിന്റെ ഭാഗത്തുനിന്നും അനാസ്ഥ ഉണ്ടായിട്ടുണ്ടെങ്കിൽ അതിനെതിരെ നടപടി സ്വീകരിക്കുമോ എന്നും അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത കേസ്സ് അന്വേഷണം പൂർത്തിയാക്കി കുറ്റക്കാരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ എന്നത്തേക്ക് കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒന്നാം ഘട്ട അന്വേഷണം പൂർത്തിയായി. രണ്ടാംഘട്ട അന്വേഷണം നടന്നുവരുന്നു.

(ബി) കേസിലെ പ്രതികളുടെ വിവരം താഴെ പറയുന്നു:

1. ശ്രീ. എം. ഗോപിനാഥൻ നായർ, മുൻ സെക്രട്ടറി.
2. ശ്രീ. കെ. എ. ലംപായി, മുൻ ബ്രാഞ്ച് മാനേജർ.
3. ശ്രീ. എം. ആർ സോമരാജൻ, സഹകാര്യവ്യക്തി.
4. ശ്രീ. ജോസഫ് ആന്റണി, സഹകാര്യവ്യക്തി.
5. ശ്രീമതി കെ. എസ്. രാധാമണി, മുൻ കൺകറന്റ് ആഫീസർ.
6. ശ്രീമതി സി. ശോഭന കുമാരി, മുൻ കൺകറന്റ് ആഫീസർ.
7. ശ്രീ. പി. എ. മദനമോഹൻകർത്ത, മുൻ പ്രസിഡന്റ്.
8. ശ്രീ. എം. ജി. കൃഷ്ണൻ നായർ, മുൻ ഡയറക്ടർ ബോർഡ് അംഗം.
9. ശ്രീ. എം. ഇ. ഇസ്മായിൽ, മുൻ ഡയറക്ടർ ബോർഡ് അംഗം.
10. ശ്രീ. സി. കെ. കുമാരൻ, മുൻ ഡയറക്ടർ ബോർഡ് അംഗം.
11. ശ്രീ. മാത്യു തോമസ്, മുൻ ഡയറക്ടർ ബോർഡ് അംഗം.
12. ശ്രീ. വി. റ്റി. ജോസഫ്, മുൻ ഡയറക്ടർ ബോർഡ് അംഗം.
13. ശ്രീ. വി. റ്റി. തോമസ്, മുൻ ഡയറക്ടർ ബോർഡ് അംഗം.
14. ശ്രീമതി കെ. പി. സരോജിനി അമ്മ, മുൻ ഡയറക്ടർ ബോർഡ് അംഗം.
15. ശ്രീ. എ. രാജപ്പൻ, മുൻ ഡയറക്ടർ ബോർഡ് അംഗം.
16. ശ്രീ. പി. റ്റി. ജോസഫ്, മുൻ ഡയറക്ടർ ബോർഡ് അംഗം.
17. ശ്രീ. കെ. ജി. കുമാരൻ നായർ, മുൻ അഡ്മിനിസ്ട്രേറ്റർ.
18. ശ്രീമതി ഷെർജി, സഹകാര്യവ്യക്തി.

മേൽപ്പറഞ്ഞ പ്രതികളുടെ രാഷ്ട്രീയ ബന്ധം അന്വേഷണവിഷയങ്ങളിൽ ഉൾപ്പെടുന്നതല്ല.

2/54/2013—17a.

LIBRARY ARCHIVES Kerala Legislative Assembly

(സി) മേൽപ്പറഞ്ഞ കേസിന്റെ അന്വേഷണം രണ്ടുഘട്ടങ്ങളായാണ് നടത്തിയിട്ടുള്ളത്. ഒന്നാംഘട്ട അന്വേഷണം പൂർത്തിയായി. പ്രതികൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. രണ്ടാംഘട്ടത്തിന്റെ അന്വേഷണം പുരോഗമിച്ചുവരുന്നു. പ്രസ്തുത കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് ധാരാളം റിക്കാർഡുകൾ സൂക്ഷ്മമായി പരിശോധിക്കേണ്ടതിനാലും ധാരാളം സാക്ഷികളുടെ മൊഴി രേഖപ്പെടുത്തേണ്ടതിനാലും സ്വാഭാവികമായി ഉണ്ടാക്കാവുന്ന കാലതാമസമല്ലാതെ കേസിന്റെ അന്വേഷണത്തിൽ പോലീസിന്റെ ഭാഗത്ത് നിന്നും അനാസ്ഥ ഉണ്ടായിട്ടില്ല.

(ഡി) പ്രസ്തുത കേസിന്റെ ഒന്നാംഘട്ടത്തിൽ അഞ്ചും ആറും പ്രതികൾ ഒഴിച്ചുള്ളവർക്കെതിരെ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. അഞ്ചും ആറും പ്രതികൾക്കെതിരെയുള്ള പ്രോസിക്യൂഷൻ അനുവാദം നൽകിയിട്ടുണ്ട്. കോടതിയിൽ കുറ്റപത്രം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. രണ്ടാംഘട്ട അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥൻമാർക്ക് നൽകിയിട്ടുണ്ട്.

പാസ്പോർട്ട് വെരിഫിക്കേഷൻ സെല്ലിലെ വിജിലൻസ് റെയ്ഡ്

72 [3459] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം റൂറൽ ജില്ലയിലുള്ള പാസ്പോർട്ട് വെരിഫിക്കേഷൻ സെല്ലിൽ വിജിലൻസ് വിഭാഗം നടത്തിയ റെയ്ഡുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥർക്കെതിരെ ഇതുവരെ നടപടി സ്വീകരിച്ചു;

(ബി) ഇതുമായി ബന്ധപ്പെട്ടുള്ള അന്വേഷണറിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്തായെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം റൂറൽ എസ്. പി. ആയിരുന്ന ശ്രീ. ജി. ലക്ഷ്മണ ഐ. പി. എസ്., ഡിവൈ. എസ്. പി. ശ്രീ. റ്റി. ഗിരീശൻ എന്നിവരെ തൽസ്ഥാനത്ത് നിന്നും മാറ്റുകയുണ്ടായി. ശ്രീ. മധു, ശ്രീ. രാജൻ എന്നീ പോലീസ് കോൺസ്റ്റബിൾമാരെ സസ്പെൻഡ് ചെയ്യുകയും ചെയ്തു.

(ബി) ഉണ്ട്. ശ്രീ. ലക്ഷ്മണ ഐ. പി. എസ്., ശ്രീ. റ്റി. ഗിരീശൻ, ഡിവൈ. എസ്. പി. എന്നിവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു. ശ്രീ. മധുകുമാർ (പി. സി. റ്റി 7900), ശ്രീ. ശശിധരൻ (എച്ച്. സി. റ്റി. 5086),

LIBRARY ARCHIVES Kerala Legislative Assembly